**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1797** **05-07-2022 - ൽ മറുപടിയ്ക്ക്**

**അർബൻ മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അർബൻ മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ കൊച്ചിയിലെ പ്രവർത്തനം എന്ന് പൂർണതോതിൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (എ) | കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള റെഗുലേഷനുകളും മറ്റും അംഗീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ആയതിന് ശേഷം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | അതോറിറ്റിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ? | (ബി) | അതോറിറ്റിയിൽ നിലവിൽ ഒരു ഐ.എ.എസ് ഉദ്യോഗസ്ഥന് സി.ഇ.ഒ-യുടെ അധിക ചുമതലയും, എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിലെ അർബൻ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി സെൽ (UMTA Cell)-ൽ മുമ്പ് പ്രവർത്തിച്ചിരുന്ന രണ്ട് ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് പുറമേ, ടെക്നിക്കൽ-നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. |

സെക്ഷൻ ഓഫീസർ